**To,**

**ശ്രീ. വി.എസ്.അച്ചുതാനന്ദൻ,**
**ബഹു. കേരളാ മുഖ്യമന്ത്രി,**
**സെക്രട്ടേറിയറ്റ്, സ്റ്റാച്ച്യൂ,**
**തിരുവനന്തപുരം.**

സർ,

## കേരള നെൽവയൽ - നീർത്തട സംരക്ഷണ ബിൽ - 2007
## ഉടൻ നടപ്പാക്കുക

കേരളത്തിലെ നെൽവയലുകളും തണ്ണീർത്തടങ്ങളും നേരിടുന്ന ഗുരുതരമായ അവസ്ഥയെക്കുറിച്ച് ആശങ്കയുള്ള കർഷക സംഘടനകൾ, പരിസ്ഥിതി പ്രവർത്തകർ, ശാസ്ത്രജ്ഞൻമാർ, ഉദ്യോഗസംഘടന പ്രതിനിധികൾ എന്നിവർ ജൂലൈ അഞ്ച് 2008 ന് തൃശൂരിൽ ഒരു ആലോചന യോഗം കൂടിയിരുന്നു.

ഈ യോഗത്തിൽ പ്രധാനമായും ചർച്ച ചെയ്യപ്പെട്ട വിഷയം നെൽവയൽ - നീർത്തട സംരക്ഷണ ബിൽ - 2007 നടപ്പാക്കുന്നതിൽ വരുന്ന കാലതാമസത്തെക്കുറിച്ചും ബില്ലിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും ബില്ല് നടപ്പാക്കുമ്പോൾ കർഷകരെ നിലനിർത്താനുള്ള നടപടികളെക്കുറിച്ചുമായിരുന്നു.

ഈ മേഖലയിൽ പ്രവർത്തിക്കുന്ന കർഷകരുടെയും വിദഗ്ധരുടെയും അഭിപ്രായങ്ങൾ കേട്ടതിനുശേഷം ഒരു അവകാശ പത്രിക, യോഗം അംഗീകരിക്കുകയും കേരളത്തിലെ എല്ലാ കർഷക-പരിസ്ഥിതി സംഘടനകൾക്കും അതുപോലെ മറ്റു സാമൂഹ്യ-സാംസ്കാരിക സംഘടനകൾക്കും ഇത് ചർച്ചക്കുവേണ്ടി അയച്ചു കൊടുക്കാനും തീരുമാനിക്കുകയും ചെയ്തു. യോഗത്തിൽ പങ്കെടുത്ത എല്ലാവരും ചേർന്ന് ഒരു **"കേരള നെൽകൃഷി സംരക്ഷണ വേദി"** രൂപീകരിക്കാനും കേരളത്തിലെ നെൽകൃഷിയെയും നെൽകർഷകരെയും സംരക്ഷിക്കുന്നതിൽ സമൂഹത്തിലെ വിവിധ സംഘടനകളും വ്യക്തികളും സ്ഥാപനങ്ങളുമായി ചേർന്ന് ഒരു കൺവെൻഷൻ സംഘടിപ്പിക്കാനും തീരുമാനിച്ചു.

ഈ യോഗത്തിൽ അംഗീകരിക്കപ്പെട്ട അവകാശപത്രിക ഞങ്ങൾ ഇതിനോടൊപ്പം സമർപ്പിക്കുന്നു. കേരളത്തിലെ കർഷകർക്ക് വേണ്ടിയും ഭക്ഷ്യ സുരക്ഷ ഉറപ്പാക്കാൻ വേണ്ടിയും പല നടപടികളും എടുത്തുകൊണ്ടിരിക്കുന്ന സർക്കാർ എത്രയും പെട്ടെന്ന് ഈ ബിൽ പാസ്സാക്കണമെന്നും ഞങ്ങൾ മുന്നോട്ട് വയ്ക്കുന്ന ആവശ്യങ്ങൾ നടപ്പാക്കിക്കൊണ്ട് നെൽ കർഷകരെ നിലനിർത്തണമെന്നും അഭ്യർത്ഥിക്കുന്നു.

എന്ന്
ബഹുമാനപൂർവ്വം

**കോപ്പി**

1. ശ്രീ. കെ.പി. രാജേന്ദ്രൻ, ബഹു. റവന്യൂ മന്ത്രി,
   സെക്രട്ടേറിയറ്റ്, സ്റ്റാച്ച്യൂ, തിരുവനന്തപുരം.
2. ശ്രീ. മുല്ലക്കര രത്നാകരൻ, ബഹു. കൃഷി മന്ത്രി,
   സെക്രട്ടേറിയറ്റ് അനക്സ്, സ്റ്റാച്ച്യൂ, തിരുവനന്തപുരം.

# അവകാശ പത്രിക

1. കേരള നെൽവയൽ - നീർത്തട സംരക്ഷണ ബിൽ - 2007 ഇനി ഒരു താമസവുമില്ലാതെ പ്രത്യേക അസംബ്ലി കൂടി അംഗീകരിച്ച് നടപ്പാക്കണം

നെൽ വയലുകളും നെൽ കർഷകരെ നിലനിർത്തുന്നതും ഒരു കാർഷിക പ്രവർത്തിയായി മാത്രം കാണാതെ ഒരു പരിസ്ഥിതി സംരക്ഷണ, ജലസംരക്ഷണ, ജൈവ വൈവിധ്യ സംരക്ഷണ പ്രവർത്തനമായി നിയമപരമായി തന്നെ കാണാനുള്ള വ്യവസ്ഥകൾ ഉണ്ടാകണം.

**ബിൽ നടപ്പാക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ അതിൽ ഉൾക്കൊള്ളിക്കണം.**

2. ബില്ലിൽ "നെൽ കർഷക" സംരക്ഷണവും കൂടി ഉൾപ്പെടുത്തി ബില്ലിന്റെ പേര് മാറ്റണം.
3. നെൽ വയൽ നിർവചനം ചെയ്യുമ്പോൾ കേരളത്തിലെ എല്ലാ നെൽ വയലുകളും ഉൾപ്പെടുത്തണം.
4. ബില്ലിലെ 5-ാം ഖണ്ഡിക സർക്കാരിന് നികത്താനുള്ള അധികാരം ഏറ്റവും അപകടം പിടിച്ചതും ദുരുപയോഗം ചെയ്യപ്പെടാൻ സാധ്യതയുള്ളതുമായതിനാൽ അത് പൂർണ്ണമായും ഒഴിവാക്കണം.
5. ബില്ലിലെ 6-ാം ഖണ്ഡികയിൽ മണൽ വാരൽ തടയുന്നതിൽ നെൽവയലുകളെയും ഉൾപ്പെടുത്തണം. നെൽവയൽ - നീർത്തടങ്ങളിൽ നിന്നുള്ള ജലചൂഷണവും പ്രത്യേകിച്ച് കച്ചവടത്തിനായുള്ളത് പൂർണ്ണമായും തടയണം.
6. ബില്ലിലെ 4-ാം ഖണ്ഡികയിൽ ഇങ്ങനെ എഴുതി ചേർക്കണം - "തരിശിട്ടിരിക്കുന്ന നിലങ്ങൾ കൃഷിയോഗ്യമാക്കുന്ന പ്രവർത്തനം കൃഷിവകുപ്പും സർക്കാരും ചെയ്തുകൊടുക്കേണ്ടതാണ്. അങ്ങനെ യോഗ്യമാക്കിയ വയൽ കർഷകൻ കൃഷിചെയ്യുന്നില്ലായെങ്കിൽ മേൽ നടപടികൾ സ്വീകരിക്കുന്നതാണ്".
7. കേരളത്തിലെ എല്ലാനെൽവയലുകളേയും നെൽ സംരക്ഷണ മേഖലകളായി (Rice Sanctuaries) പ്രഖ്യാപിക്കുകയും വനസംരക്ഷണ നിയമങ്ങളുടെ പരിരക്ഷക്ക് സമാനമായി ഈ മേഖലയെ സംരക്ഷിച്ച് കർഷകർക്ക് വേണ്ട എല്ലാ സഹായവും നൽകിക്കൊണ്ട് കൃഷി ചെയ്യുന്നത് ഉറപ്പാക്കുകയും വേണം.
8. നെൽ വയൽ - നീർത്തട - നെൽ കർഷക സംരക്ഷണം ഉറപ്പാക്കാൻ ഒരു പ്രാദേശിക സമിതി രൂപീകരിക്കപ്പെടണം. ഈ സമിതിയിൽ വില്ലേജ് ആഫീസർ, കൃഷി ആഫീസർ, പഞ്ചായത്ത് പ്രസിഡന്റ്, രണ്ട് അറിയപ്പെടുന്ന സാമൂഹ്യ പ്രതിബദ്ധതയുള്ള കർഷകർ, രണ്ട് സ്ത്രീ കർഷക പ്രതിനിധികളും ഉൾപ്പെടണം. ഈ സമിതിക്ക് നെൽവയൽ പരിവർത്തനപ്പെടുത്തൽ തടയാനും നിരീക്ഷണം നടത്താനും ശുപാർശകൾ ചെയ്യാനും ഉള്ള അധികാരം നൽകണം.
9. ബില്ലിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ പ്രാദേശിക ഉത്തരവാദിത്വം വില്ലേജ് ആഫീസർക്കും കൃഷി ആഫീസർക്കും നൽകേണ്ടതും വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥന് ശിക്ഷ നൽകേണ്ടതുമാണ്.

**ഈ പ്രകാരം ബില്ല് നടപ്പാക്കുമ്പോൾ തുടർ നടപടിയായി നെൽ കർഷകരെ നിലനിർത്താനും മാന്യമായ വരുമാനം ഉറപ്പാക്കാനും താഴെപറയുന്ന നടപടികൾ ഉണ്ടാകണം.**

1. ഓരോ നെൽ കർഷക കുടുംബത്തിനും ഒരു വർഷം കുറഞ്ഞത് 1 ലക്ഷം രൂപ വരുമാനം ഉറപ്പാകുവാൻ നടപടികൾ ഉണ്ടാവണം. ഇതിനായി ഒരു വരുമാന കമ്മീഷൻ (Income Commission) നിയമിക്കുകയും മൂന്നുമാസം കൊണ്ട് അതിന്റെ നിർദേശങ്ങൾ നടപ്പാക്കുകയും ചെയ്യണം. ഇത് കാലാകാലങ്ങളിൽ പുനഃ പരിശോധിക്കുകയും അവശ്യം വേണ്ട മാറ്റങ്ങൾ വരുത്തുകയും വേണം.
2. ഇന്ന് നെൽ കർഷകർക്ക് നൽകുന്ന എല്ലാ സബ്സിഡികളും ഏകീകരിച്ച് ഒരു ഏകജാലക സംവിധാനത്തിലൂടെ നേരിട്ട് പണമായി ബാങ്കുകളിലൂടെ അവർക്ക് നൽകണം.
3. കേരളത്തിൽ റബർ, വാഴ, ഉദ്യാനവിളകൾ പോലത്തെ നാണ്യവിളകൾക്ക് നൽകുന്ന സബ്സിഡികൾക്ക് സമാനമായി നെൽകൃഷിക്കും സബ്സിഡി നൽകണം.
4. നെൽ കർഷകർക്ക് നൽകുന്ന ഉല്പാദനബോണസ് ഇപ്പോൾ ഉള്ള ഹെക്ടറിന് Rs. 350/-ൽ നിന്നും Rs. 5000/- ആക്കി വർദ്ധിപ്പിക്കണം. ഇതിന് അടിയന്തിരമായി നടപടി ഉണ്ടാകണം.
5. നെല്ലിന്റെ താങ്ങുവില ഈ വർഷം കിലോക്ക് Rs. 12/- ആക്കുകയും എല്ലാ വർഷവും വില സൂചികയുടെ നിലയനുസരിച്ച് കൂട്ടുകയും ചെയ്യണം. നെൽ സംഭരണം എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുകയും സമ്പൂർണ്ണമാക്കുകയും ചെയ്യണം. കർഷകർക്ക് അതിന്റെ വില ഉടൻ നൽകുകയും ചെയ്യണം.
6. എല്ലാ നെൽ കർഷർക്കും സമ്പൂർണ്ണ വിള ഇൻഷ്വറൻസ് നടപ്പാക്കുകയും അതിന്റെ നഷ്ടപരിഹാര തുക ഹെക്ടറിന് Rs. 25,000/-ആക്കുകയും വേണം. വിള നഷ്ടപരിഹാരം നൽകുന്നതിന് ഒരു ഫാസ്റ്റ് ട്രാക്ക് ഏക ജാലക സംവിധാനം ജില്ലാ കളക്ടറുടെയും പ്രിൻസിപ്പൽ കൃഷി ആഫീസറുടേയും നേതൃത്വത്തിൽ ഉണ്ടാകണം.

കേരളത്തിന്റെ ഭക്ഷ്യ സുരക്ഷ അപകടകരമായ വിധത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കേ, നെൽവയൽ സംരക്ഷണത്തിനും നെൽ കർഷകരുടെ ഉന്നമനത്തിനും അടിയന്തിര പ്രാധാന്യം നൽകണമെന്ന് സർക്കാരിനോട് ഞങ്ങൾ പ്രത്യേകമായി അഭ്യർത്ഥിക്കുന്നു. നടപടികളെടുക്കാൻ ഓരോ ദിവസം വൈകുന്തോറും കേരളത്തിന്റെ നിലനിൽപ് അപകടത്തിലാകുകയാണെന്ന് ഞങ്ങൾ പ്രത്യേകം പറയേണ്ടതില്ലല്ലോ. മറ്റെല്ലാ വികസനപ്രവർത്തനങ്ങളും കുറച്ചു നാളേക്ക് മാറ്റി വച്ചാൽ പോലും നമുക്ക് കാര്യമായ നഷ്ടമുണ്ടാകില്ല. എന്നാൽ തീരുമാനമൊന്നുമെടുക്കാതെ ബിൽ മാറ്റി വയ്ക്കുകയെന്നത് ഒരു പുരോഗമന സർക്കാരിനെ സംബന്ധിച്ചിടത്തോളം ഭൂഷണമല്ല.